ST. THOMAS SYRO MALABAR COMMUNITY - MALTA

the APOSTLE

July 2026 Vol 1



എഡിറ്റോറിയൽ

പ്രിയമുള്ളവരേ,

മാൾട്ടയിലെ സെന്റ് തോമസ് സീറോ മലബാർ വിശ്വാസികൾ അനുദിനം വർധിച്ചുവരികയാണല്ലോ. വിശ്വാസത്തിന്റെ പ്രഘോഷകരാകുവാൻ, ഒപ്പം നല്ല ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ഇവിടെ കഴിയുന്ന കാലത്ത് അനുകൂലസാഹചര്യം ഏറെയുണ്ട് മറുനാട്ടിൽ. കലാ–കായിക സാഹിത്യ മേഖലയിലും നാമെല്ലാം ഏറെ കഴിവുറ്റവരാണ്. നമ്മുടെ സർഗ്ഗാത്മക കഴിവുകൾ ഒരു ക്യാൻവാസിൽ പ്രതിഫലിപ്പിക്കാൻ നാം ഒരു വേദി സജ്ജമാക്കുകയാണ്; ദി അപ്പോസ്തൽ എന്ന പേരിൽ.

ഇത് നമ്മെത്തന്നെ തിരിച്ചറിയാൻ..... ലോകത്തിനു കാണിച്ചുകൊടുക്കാൻ.... അവസരമാകട്ടെ. ദിശാബോധം നൽകുന്ന, വഴികാട്ടികളാകാൻ, വഴിതെറ്റിയലയുന്നവർക്ക് ഒരു ചെറു വെട്ടമാകാൻ തിരക്കേറിയ ജീവിതത്തിൽ ഇവരുടെ ഈ പ്രതിബദ്ധതയ്ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

മാൾട്ടാ ദ്വീപിൽ വി. തോമാശ്ലീഹായുടെ
പൈതൃകം പേറിയ ജനതയുടെ രൂപീകരണത്തിന്റെ ഒരു പതിറ്റാണ്ടിന്റെ
പരിസമാപ്തിയിലേക്ക് നാം കടക്കുകയാണ്. ബിനോജ് മുളവരിക്കലച്ചൻ വാരാന്ത്യങ്ങളിൽ
ആരംഭിച്ചത് പിന്നിട് ഒരു സ്ഥിരം സംവിധാനമായും വളർച്ചയുടെ പടവുകളിലുടെ
ഈ ജനതയുടെ പ്രയാണം
പത്താമാണ്ടിൽ എത്തിനിൽക്കുമ്പോൾ
ദിശാബോധം നൽകി ആശിർവ്വാദം നൽകിയ മാർ ജോർജ് ആലഞ്ചേരി പിതാവിനെയും
പിന്നീട് മാർ റാഫേൽ തട്ടിൽ പിതാവിനെയും അഭിവന്ദ്യ സ്റ്റീഫൻ ചിറപ്പണത് പിതാവിനേയും
കൃതജ്ഞതയോടെ ഓർമ്മിക്കാം

ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ഏവർക്കും, പ്രത്യേകിച്ച് മീഡിയ ടീമിന് എല്ലാ വിജയാശംസകളും അഭിനന്ദനങ്ങളും നേർന്നുകൊണ്ട്.....

നിങ്ങളുടെ വികാരിയച്ചൻ,
ഫാ.മാത്യു വാരുവേലിൽ



St.Thomas Syro Malabar Community Malta

GRANDSOLEMNITY & ANNUAL FEAST OF ST.THOMAS THE APPOSTLE

JULY 3,4&5

Following the inspiring example of our spiritual father, St. Thomas the Apostle, and with hearts ablaze with divine love, we extend a most cordial invitation to you for this revered celebration.
Let us join together to receive divine blessings on this auspicious occasion.

03-07-2026 FRIDAY
St.Joseph School Balta L Bajta

05:30PM Opening and Flag hostig
(Vicar Fr.Mathew Varuvelil)

05:45PM HOLY QURBANA AND FIRST HOLY COMMUNION
(Cardinal George Alancheri)

07:00PM Annual day celebration of the Catechism department and Biblical play

Zaphneth pheneyya — Bible drama

04-07-2026 SATURDAY
St.Joseph School Blata L Bajta

04:30PM SOLEMN HOLY QURBANA
(Fr.Thomas Urumbithadathil)

06:30PM The feast day cultureal event

ദുക്റാന തിരുനാൾ 2026
MALTA
DUKRANA TIRUNAL

05-07-2026 SUNDAY
ST.JOHN'S CO CATHEDRAL,VALLETTA

08:30AM HOLY QURBANA
(St.Joseph School Blata L Bajta)

05:00PM SOLEMN PROCESSION FOLLOWED BY THE SOLEMN HOLY QURBANA
(Cardinal George Alancheri)



AWAKE 26
MUSICAL RETREAT

മാൾട്ടയിലെ സിറോ മലബാർ കമ്മ്യൂണിറ്റി ആവേശത്തോടെ കാത്തിരുന്ന മ്യൂസിക്കൽ റിട്രീറ്റ് പ്രോഗ്രാമായ **AWAKE26** ആത്മീയതയുടെ പുത്തൻ അനുഭവം സമ്മാനിച്ചാണ് കടന്നുപോയത്.





SMYM Malta അണിയിച്ചൊരുക്കിയ awake 26. പങ്കെടുത്തവർക്ക് ഒരിക്കലും മറക്കാനാവാത്ത ഒരു പുത്തൻ അനുഭവമായിരുന്നു. മേയ് 15,16,17 തിയതികളിലായി നടന്ന AWAKE 26 ൽ തീക്ഷ്ണതയോടെ നിരവധി വിശ്വാസികളാണ് പങ്കെടുത്തത്.

അനുഗ്രഹീത ഗായകനും വചന പ്രാഘോഷകനും ഒപ്പം യൂറോപ്പിലെ യൂത്ത് അപ്പോസ്തോലേറ്റ് ഡയറക്ടറുമായ ഫാ. ബിനോജ് മുളവരിക്കലാണ് ഈ പ്രോഗ്രാം നയിച്ചത്. ഇടവക വികാരി ഫാ. മാത്യു വാരുവേലിൽ, മാൾട്ട യൂത്ത് കോർഡിനേറ്റർ ആൽബർട്ട് ഡെബോനോ എന്നിവരുടെ മഹനീയ സാന്നിധ്യത്തിൽ യൂറോപ്പിലെ സിറോ മലബാർ സഭയുടെ അപ്പോസ്തോലിക് വിസിറ്റേറ്റർ അഭിവന്ദ്യ മാർ. സ്റ്റീഫൻ ചിറപ്പണത്ത് പിതാവ് പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ച് അനുഗ്രഹ പ്രഭാഷണം നടത്തി. മാൾട്ടയിലെ നക്ഷാർ ചർച്ച് പാരീഷ് ഹാളാണ് AWAKE 26 ന് വേദിയായത്.



യൂറോപ്പ് വൈദീക സംഗമം Euro - Clero യ്ക്ക് വേദിയായി മാൾട്ട



പൗലോശ്ലീഹായുടെ പാദസ്പർശം കൊണ്ട് അനുഗ്രഹീതമായ മാൾട്ടയുടെ മണ്ണിൽ തോമാശ്ലീഹായുടെ വിശ്വാസ പൈതൃകത്തിലൂന്നി നിന്ന് വിശ്വാസ സംരക്ഷണവും പ്രഘോഷണവും നടത്തുന്ന മാൾട്ടയിലെ സീറോ മലബാർ കമ്മ്യൂണിറ്റിക്ക് ഏറെ അഭിമാനാർഹമായ നിമിഷങ്ങളായിരുന്നു Euro - Clero വൈദീക ധ്യാനത്തിന് ആതിഥ്യമരുളാൻ സാധിച്ചതിലൂടെ ലഭിച്ചത്.

യൂറോപ്പിന്റെ മണ്ണിൽ വെല്ലുവിളികളെ അതിജീവിച്ച് സീറോ മലബാർ സഭയുടെ വിവിധരാജ്യങ്ങളിലെ കമ്മ്യൂണിറ്റികളെ നയിക്കുന്ന അഭിഷിക്തർ ഒരുമിച്ച് മാൾട്ടയുടെ മണ്ണിൽ എത്തിയപ്പോൾ അത് ബഹുമാനപ്പെട്ട വികാരിയച്ചൻ ഫാ. മാത്യു വാരുവേലിയുടെ നേതൃത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്ന മാൾട്ട സെന്റ് തോമസ് സീറോ മലബാർ കമ്മ്യൂണിറ്റിക്ക് ലഭിച്ച ഒരു അംഗീകാരവും കൂടിയായിരുന്നു.

വിവിധ രാജ്യങ്ങളിൽ നിന്നായി മുപ്പത്തിയഞ്ചോളം വൈദീകർ പങ്കെടുത്ത വൈദീക സംഗമത്തിന് യൂറോപ്പിലെ സീറോ മലബാർ സഭയുടെ ഇടയൻ മാർ സ്റ്റീഫൻ ചിറപ്പണത്ത് നേതൃത്വം നൽകി. കേരളത്തിൽ നിന്നും യൂറോപ്പിലെ പ്രവാസത്തിലേയ്ക്കെത്തുന്ന വിശ്വാസികളുടെ ആത്മീയവും ഭൗതികവുമായ കാര്യങ്ങളിൽ സഭ നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടലുകൾ വിലയിരുത്തിയ സംഗമം കൂടുതൽ കരുത്തോടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്തു.

വികാരിയച്ചന്റെ നേതൃത്വത്തിൽ കമ്മിറ്റിയംഗങ്ങൾ ഈ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ചതിനെ ഒരേ മനസ്സോടെയാണ് പങ്കെടുത്ത വൈദീകർ പ്രശംസിച്ചത്. ജൂൺ 8 മുതൽ 12 വരെ തീയതികളിൽ റബാത്ത് സെമിനാരിയിൽ വച്ചാണ് ധ്യാനം നടന്നത്. ഇറ്റലിയിലെ നാപ്പോളിയിൽ നിന്നും എത്തിയ ഫാ. റോജൻ നെൽപ്പുരയ്ക്കലും വൈദീക സംഗമത്തിന്റെ വിജയത്തിനായി വികാരിയച്ചനൊപ്പം പ്രവർത്തിച്ചു.

ജൂൺ 11 ന് വൈകുന്നേരം ധ്യാനത്തിൽ പങ്കെടുത്ത വൈദീകർ മാർ സ്റ്റീഫൻ ചിറപ്പണത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഇടവക ജനങ്ങൾക്കായി അർപ്പിച്ച വിശുദ്ധകുർബാന അനുഗ്രഹത്തിന്റെ അപൂർവ്വ നിമിഷങ്ങളായിരുന്നു സെന്റ് തോമസ് സീറോ മലബാർ കമ്മ്യൂണിറ്റിക്ക് സമ്മാനിച്ചത്.



വിവാഹ ഒരുക്ക സെമിനാർ
വിശ്വാസത്താൽ ജ്വലിച്ച് പുതിയ ജീവിതത്തിലേക്ക്

കുടുംബജീവിതത്തിലേയ്ക്കുള്ള ദൈവവിളി സ്വീകരിച്ച് അതിലേയ്ക്ക് പ്രവേശിക്കാൻ ഒരുങ്ങുന്ന യുവതീയുവാക്കൾക്ക് തങ്ങളുടെ പുതിയ ജീവിതം ആത്മീയതയുടെ അടിത്തറയിൽ വിശ്വാസത്തിന്റെ ഉറപ്പോടെ കെട്ടിപ്പടുക്കുവാൻ കാലാകാലങ്ങളായി സഭ നടത്തിവരുന്ന ഒരു അവസരമാണ് വിവാഹ ഒരുക്ക സെമിനാർ.

മാൾട്ടയിലെ യുവജനങ്ങൾക്ക് അത്തരമൊരു അവസരം മാൾട്ടയിൽ തന്നെ ലഭിക്കുന്നത് ഏറെ സഹായകമാണ് എന്ന തിരിച്ചറിവിൽ ആരംഭിച്ച വിവാഹ ഒരുക്ക സെമിനാർ ഏറെ വിജയകരമായാണ് മുന്നോട്ട് പോകുന്നത്. ജൂൺ 12 മുതൽ 14 വരെ തീയതികളിൽ നടന്ന സെമിനാറിൽ നിരവധി യുവജനങ്ങളാണ് പങ്കെടുത്തത്.

ബഹുമാനപ്പെട്ട വികാരിയച്ചൻ ഫാ. മാത്യു വാരുവേലിലിന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ പ്രഗദ്ഭർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. വിശ്വാസ തീക്ഷ്ണതയും കെട്ടുറപ്പുമുള്ള കുടുംബങ്ങളാണ് സഭയുടേയും സമൂഹത്തിന്റെ കരുത്ത് എന്ന തിരിച്ചറിവ് യുവജനങ്ങൾക്ക് നൽകാൻ സെമിനാർ ഏറെ സഹായകമായി.


കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് നസ്രത്തിലെ തിരുകുടുംബത്തിന്റെ മാതൃകയിൽ കുടുബജീവിതത്തിലേയ്ക്ക് പ്രവേശിക്കാൻ യുവജനങ്ങൾക്ക് സഹായകമാകുന്ന രീതിയിലുള്ള ക്ലാസുകളും വചനത്തിലും പ്രാർത്ഥനയിലും അധിഷ്ഠിതമായ വിവിധ സെഷനുകളുമാണ് സെമിനാറിൽ ഉണ്ടായിരുന്നത്.







2026 ജൂലൈ 26,27,28 എന്നീ ദിവസങ്ങളിൽ ജർമനിയിൽ നടന്ന Cinacle നേതൃത്വ പരിശീലന ക്യാമ്പിൽ SMYM മാൾട്ടയെ പ്രതിനിധീകരിച്ചു പങ്കെടുത്ത യുവജനങ്ങൾ.



മാതൃവേദിയുടെ സ്പന്ദനം



മാൾട്ടയിലെ നമ്മുടെ സീറോ മലബാർ സമൂഹത്തിന്റെ ആദ്യ പാരിഷ് ബുള്ളറ്റിന്റെ ഈ മനോഹരമായ സംരംഭത്തിലൂടെ മാതൃവേദിയുടെ ഹൃദയസ്പന്ദനം നിങ്ങളുമായി പങ്കുവെക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

ഒരു കുടുംബത്തിന്റെ ആത്മാവാണ് അമ്മ. അമ്മയുടെ പ്രാർത്ഥനയും സ്നേഹവും വിശ്വാസവുമാണ് കുടുംബത്തെ ദൈവസന്നിധിയിലേക്ക് നയിക്കുന്നത്. ഇന്നത്തെ തിരക്കേറിയ ജീവിതത്തിലും വിദേശരാജ്യമായ മാൾട്ടയിൽ ജീവിക്കുമ്പോഴും നമ്മുടെ വിശ്വാസവും കുടുംബമൂല്യങ്ങളും വരുംതലമുറയ്ക്ക് പകർന്നു നൽകേണ്ട മഹത്തായ ദൗത്യം നമുക്കുണ്ട്. ആ ദൗത്യത്തിൽ നമുക്ക് ഒരുമിച്ച് മുന്നേറാൻ പ്രചോദനമാകുന്ന ഒരു ചെറിയ ചിന്ത പങ്കുവയ്ക്കട്ടെ.

ഒരു ഗ്രാമത്തിൽ എല്ലാ ദിവസവും വൈകുന്നേരം ഒരു അമ്മ വീട്ടിലെ ചെറിയ വിളക്ക് തെളിയിക്കുമായിരുന്നു. ഒരിക്കൽ കൊച്ചു കുട്ടിയായ മകൻ ചോദിച്ചു: 'അമ്മേ, ഈ ചെറിയ വിളക്ക് തെളിയിച്ചാൽ ലോകം മുഴുവൻ പ്രകാശിക്കുമോ? അമ്മ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു, ലോകം മുഴുവൻ അല്ല മോനേ... പക്ഷേ നമ്മുടെ വീട് പ്രകാശിക്കും. നമ്മുടെ വീട് പ്രകാശിച്ചാൽ അയൽവീടിനും വെളിച്ചമാകും. ഓരോ വീട്ടിലും ഓരോ വിളക്ക് തെളിഞ്ഞാൽ ഗ്രാമം മുഴുവൻ പ്രകാശിക്കും. വർഷങ്ങൾക്കുശേഷം ആ മകൻ സമൂഹത്തിൽ അറിയപ്പെടുന്ന ഒരു നല്ല മനുഷ്യനായി വളർന്നു. ഒരിക്കൽ തന്റെ വിജയത്തിന്റെ രഹസ്യം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. എന്റെ ജീവിതത്തിലെ ആദ്യ വെളിച്ചം എന്റെ അമ്മയുടെ പ്രാർത്ഥനയും വിശ്വാസവുമായിരുന്നു.

ഈ ചെറിയ കഥ ഓരോ അമ്മയുടെയും ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരു അമ്മയുടെ പ്രാർത്ഥനയും സ്നേഹവും ത്യാഗവും ഒരു കുടുംബത്തെ മാറ്റിമറിക്കാൻ കഴിയും. കുടുംബങ്ങൾ ശക്തമാകുമ്പോൾ സഭയും സമൂഹവും ശക്തമാകും. ഇന്ന് നമ്മൾ മാൾട്ടയിൽ ജീവിക്കുമ്പോൾ പല വെല്ലുവിളികളും നേരിടുന്നുണ്ട്. തിരക്കേറിയ ജീവിതം, ജോലിഭാരം, കുട്ടികളുടെ വിദ്യാഭ്യാസം, പുതിയ സംസ്കാരങ്ങൾ—ഇവയ്ക്കിടയിലും നമ്മുടെ വിശ്വാസവും കുടുംബമൂല്യങ്ങളും കാത്തുസൂക്ഷിക്കേണ്ട വലിയ ഉത്തരവാദിത്തം അമ്മമാർക്കുണ്ട്. നമ്മുടെ മക്കൾ നമ്മൾ പറയുന്നത് മാത്രമല്ല, നമ്മൾ ജീവിക്കുന്ന ജീവിതമാണ് കൂടുതലായി പഠിക്കുന്നത്. അതിനാലാണ് മാതൃവേദി ഇത്രയും പ്രധാനമാകുന്നത്. ഇത് ഒരു സംഘടന മാത്രമല്ല; പ്രാർത്ഥിക്കുന്ന അമ്മമാരുടെ കുടുംബമാണ്. ഇവിടെ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം, പഠിക്കാം, അനുഭവങ്ങൾ പങ്കുവെക്കാം, പരസ്പരം കരുത്താകാം, സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്കായി പ്രവർത്തിക്കാം.

പ്രിയ അമ്മമാരേ, നിങ്ങളുടെ സാന്നിധ്യവും പ്രാർത്ഥനയും പങ്കാളിത്തവും നമ്മുടെ കൂട്ടായ്മയുടെ ശക്തിയാണ്. നിങ്ങളുടെ സാന്നിധ്യം മറ്റൊരു അമ്മയ്ക്ക് പ്രത്യാശയും മറ്റൊരു കുടുംബത്തിന് അനുഗ്രഹവും ആകാം. നമുക്ക് ഓരോരുത്തരും നമ്മുടെ കുടുംബങ്ങളിൽ വിശ്വാസത്തിന്റെ ചെറിയ വിളക്ക് തെളിയിക്കാം. ആ വെളിച്ചം നമ്മുടെ ഇടവകയിലേക്കും സമൂഹത്തിലേക്കും വ്യാപിക്കട്ടെ. ഒരു അമ്മയുടെ പ്രാർത്ഥന ഒരിക്കലും വെറുതെയാകുന്നില്ല; അത് തലമുറകളെ അനുഗ്രഹിക്കുന്ന ദൈവത്തിന്റെ കരങ്ങളിലേക്ക് ഉയരുന്ന ഒരു സമർപ്പണമാണ്.

നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം, സേവിക്കാം, സ്നേഹിക്കാം, ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കാം.

സ്നേഹപൂർവ്വം,
ബെക്സി ജോമോൻ
മാതൃവേദി, പ്രസിഡന്റ്



നമ്മോടുകൂടെ.....

ഒരു വീട്, അല്ലെങ്കിൽ ഒരു വാഹനം എന്നത് ഒരാളുടെ ജീവിതാഭിലാഷങ്ങളിലൊന്നാണ്. എന്നാലോ, ആദ്യ വീട് അല്ലെങ്കിൽ ആദ്യ വാഹനം എന്നത് സ്വപ്ന വീടിന്റെയോ സ്വപ്ന വാഹനത്തിന്റെയോ സാക്ഷാത്കാരമാകാറില്ല. സ്വപ്നം യാഥാർഥ്യമാകാൻ വീണ്ടും പ്രയത്നവും കാത്തിരിപ്പും ആവശ്യമാണ്. പലർക്കും ഇത് അപ്രാപ്യവും ആകാറുണ്ട്; ആദ്യം സ്വന്തമാക്കിയ വീടോ വാഹനമോ കൊണ്ട് തൃപ്തിപ്പെടേണ്ടിവരും. മാൾട്ട എന്ന ദേശത്തുവന്ന പ്രവാസികളായ നമ്മളെ വളരെയധികം ബന്ധപ്പെടുത്താവുന്ന ഒരു സാഹചര്യമാണ് ഇത്.

ഇന്ത്യക്കാരായ നമുക്ക് ഏതെങ്കിലും ഒരു വിദേശരാജ്യത്തുപോയി സ്ഥിരപ്പെടുക എന്നതാണ് ജീവിതാഭിലാഷം. എന്നിരുന്നാലും സ്വപ്നത്തിലുള്ള രാജ്യത്ത് എത്തിച്ചേരുന്നവർ വിരളമാണ്. വിദ്യാഭ്യാസ കടമ്പകൾ, യോഗ്യതയുടെ അതിർവരമ്പുകൾ, സാമ്പത്തിക തികവുകൾ എല്ലാം മാനദണ്ഡമായി വരുമ്പോൾ പലർക്കും എത്തിപ്പെടാനാവുന്നത് സ്വപ്നനാട്ടിലാവണമെന്നില്ല!

മാൾട്ടയെന്നത്, പലർക്കും സ്വപ്ന രാജ്യമല്ല, വിദേശ സ്വപ്നം യാഥാർഥ്യമാക്കുന്ന ആദ്യ രാജ്യമാണ്! ആദ്യവീട് പലപ്പോഴും സൗകര്യങ്ങളും ഭംഗിയുമൊക്കെ കുറയുമെങ്കിലും മൂല്യം കൂടുതലായിരിക്കും! വാഹനത്തിന്റെ കാര്യത്തിലാണെങ്കിലും ചിലപ്പോൾ പഴയവാഹമാണെങ്കിൽ പോലും സ്വന്തമാക്കുമ്പോൾ ഒരു പ്രത്യേക സ്നേഹമുണ്ടായിക്കും! ഇനിയിപ്പോൾ മറ്റു രാജ്യങ്ങളിൽ എത്തിപ്പെടാൻ പിന്നീട് സാധിച്ചാൽപ്പോലും ഹൃദയത്തോട് ചേർന്നൊരു സ്ഥാനമുള്ള കൊച്ചു സുന്ദരിയാണ് മാൾട്ട. അതിലേക്കെത്താൻ വേണ്ടിവന്ന പ്രയത്നങ്ങൾ കണക്കിലെടുക്കുമ്പോൾ അറിയാതെ ദൈവത്തിങ്കലേക്കടുത്തതും പതിയെ ഓർമ്മവരും! ഓടിത്തളർന്നതും, ദാഹിച്ചുവലഞ്ഞതും, മറുകരകാണാതെ തേങ്ങിക്കരഞ്ഞതും, ഒറ്റക്കിരുന്ന് വിങ്ങിപ്പൊട്ടിയതും ഓർത്താൽ ഹൃദയം ഒന്നാർദ്രമാകും. തനിയെയായെന്നും തളർന്നുപോയെന്നും തോന്നിയ രാവുകളിൽ അവിടുത്തെ സാന്നിധ്യവും കരസ്പർശവും അനുഭവിച്ചതൊക്കെയും നൊടിയിടയിൽ കണ്മുന്നിൽ തെളിയും! ഈ യാഥാർഥ്യമാണ് യൂറോപ്പിന്റെ മണ്ണിൽ സീറോമലബാർ കൂട്ടായ്മ ദൈവാനുഭവമുള്ളവരുടെ സമൂഹമായി തഴച്ചുവളരാൻ മാൾട്ടയെ അനുകൂലമാക്കിത്തീർക്കുന്ന ഘടകമെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്.

വെല്ലുവികൾ ഏറെ തരണം ചെയ്താണ് ഭൂരിഭാഗം പ്രവാസികളും ഓരോദിവസവും ഇവിടെ നിലനിന്നുപോകുന്നത്. ജോലിയുടെയും വിസയുടെയും അസ്ഥിരതയും അടിക്കടിയുണ്ടാകുന്ന നിയമമാറ്റങ്ങളും പലവിധ ചൂഷണങ്ങളും പരിഹാസങ്ങളും ഒറ്റപ്പെടുത്തലുകളും സത്യത്തിൽ നമ്മളെ കൂടുതൽ കരുത്തുറ്റവരാക്കുകയല്ലേ ചെയ്യുന്നത്?! യഥാർത്ഥ ക്രിസ്തുശിഷ്യന് ഈ വെല്ലുവിളികളൊക്കെയും പ്രതിബന്ധങ്ങളല്ല; മറിച്ച് അവിടുത്തോടടുക്കാനുള്ള മാർഗ്ഗങ്ങളാണ്! ആധുനികതയുടെയും നാഗരികതയുടെയും സ്വാതന്ത്ര്യത്തിന്റെയും ചുഴിയിൽപ്പെട്ടുപോകാതെ ഇത്രയധികം ചെറുപ്പക്കാർ അവിടുത്തോട് ചേർന്ന് നിൽക്കുന്നത് കാണുമ്പോഴാണ് വാസ്തവത്തിൽ, ഇതൊക്കെയും തിരഞ്ഞെടുപ്പിന്റെ പ്രക്രിയയായിരുന്നു എന്ന് തിരിച്ചറിയുന്നതുതന്നെ!

ഇതുവരെയും ഒന്നിനും കൊള്ളാത്തവനെന്നും കഴിവില്ലാത്തവനെന്നും സ്വയം കരുതിയിരുന്നുവെങ്കിൽ ഇന്ന് നീ തിരിച്ചറിയണം, മനുഷ്യനെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചവനും പരിപാലിക്കുന്നവനും സംരക്ഷിക്കുന്നവനുമായവൻ പേരുചൊല്ലിതിരഞ്ഞെടുത്താണ് ഈ ഭൂമിയിലേക്കയച്ചിരിക്കുന്നതെന്ന്..... തന്റെ കൂടിയായിരിക്കാൻ!

അതുൽ

പുണ്യ ചരിത്രങ്ങളിലൂടെ (സീരീസ്)



എപിസോഡ് 01

നീ നടന്നു കൊള്ളുക ; നിനക്കുള്ള നിയോഗം ഞാൻ കാണിച്ചു തരും അവനു വഴി ഒരുക്കുക എന്നതാണ് നാമോരുത്തരുടെയും നിയോഗം, ഈ കാലഘത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട്, നമുക്ക് കൈകോർക്കാം... നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ എന്നു പറഞ്ഞവന്റെ പാത നമുക്ക് പിൻ ചൊല്ലാം, പരിശുദ്ധ അമ്മയിലൂടെ ഈശോയിലേക്ക്.....ടീം SMYM മാൾട്ട അവതരിപ്പിക്കുന്നു,

പുണ്യ ചരിത്രങ്ങളിലൂടെ.....

മാൾട്ട 1964ൽ സ്വതന്ത്രമായ യൂറോപ്പിലെ ഒരു കൊച്ചു ദ്വീപ്. 2004ലാണ് ഇവിടം യൂറോപ്യൻ യൂണിയന്റെ ഭാഗമാകുന്നത്. 7000 വർഷത്തിലേറെ നീണ്ടുനിൽക്കുന്ന ചരിത്രം വിവിധ നാഗരികതകളുടെ സ്വാധീനത്താൽ അടയാളപ്പെടുത്തിയിരിക്കുന്നു. പ്രധാന കാലഘട്ടങ്ങളിൽ പുരാതന ക്ഷേത്രങ്ങളുള്ള മെഗാലിത്തിക് യുഗം, ഫിനീഷ്യൻ–കാർത്തേജീനിയൻ വാസസ്ഥലങ്ങൾ, റോമൻ ഭരണം, അറബ് അധിനിവേശം, സെന്റ് ജോൺ നൈറ്റ്സ്, ഒടുവിൽ ബ്രിട്ടീഷ് കോളനിവൽക്കരണം എന്നിവ ഉൾപ്പെടുന്നു.

ഇന്ന് ഇവിടെ ഏകദേശം 359ഓളം പള്ളികൾ ഉണ്ടെന്ന് പറയപ്പെടുന്നു. എന്നാൽ ഇവിടെ ഏറെ വിശേഷ പ്രാധാന്യമുള്ള മദർ മേരിയുടെ ഗ്രോട്ടോ മെല്ലീഹ എന്ന ദേശത്തായി സ്ഥിതിചെയ്യുന്നുണ്ട്. ഔർ ലേഡി ഓഫ് ദ ഗ്രോട്ടോ എന്ന പേരിലാണ് ഈ പുണ്യഭൂമി അറിയപ്പെടുന്നത്. ഈ കേവിന്റെ കാഴ്ചകളിലേക്കാണ് ഇന്ന് ഞാൻ നിങ്ങളെ കൂട്ടിക്കൊണ്ടുപോകുന്നത്.





തെരുവ് നിരപ്പിൽ നിന്ന് താഴെയായി സ്ഥിതിചെയ്യുന്ന ഒരു കമാന ആകൃതിയിലുള്ള വാതിലിലൂടെ കടന്നുപോകുമ്പോൾ ഗ്രോട്ടോയിലേക്ക് എത്തിച്ചേരുന്നതിനായി കുറെ പടികൾ കാണുവാനായി സാധിക്കും. ഇവിടെ സ്ഥിരമായി സന്ദർശിച്ച് വന്ന ഒരു സിസിലിയൻ വൈൻ വ്യാപാരിയായ മാരിയോ ഡി വാസി എന്ന മരിയൻ ഭക്തനാണ് ഇന്ന് കാണുന്ന രീതിയിലുള്ള ഈ പടിക്കെട്ടുകൾ നിർമ്മിക്കുന്നതിനായി ധനസഹായം നൽകിയത്.

കുത്തനെയുള്ള പടികൾ ഇറങ്ങി ചെല്ലുമ്പോൾ പ്രകൃതിദത്തമായ ജലധാരയ്ക്ക് മുകളിലായി മനോഹരമായ മാതാവിന്റെ ഒരു ശില്പം കാണുവാനായി സാധിക്കും. ബാലകനായ ഉണ്ണിയേശുവിനെ കൈകളിൽ എടുത്ത് നിൽക്കുന്ന പരിശുദ്ധ അമ്മയുടെ മനോഹരമായ ശില്പം. 1644ൽ മെല്ലീഹയിലെ ഔർ ലേഡി സങ്കേതത്തിന് അടുത്തുള്ള ഒരു നീരുറവയിലേക്കും ഭൂഗർഭ ക്രിപ്റ്റിലേക്കും ഒരു പാത നിർമിക്കുന്നതിനുള്ള കരാറിലാണ് ഗ്രോട്ടോയുടെ ഉത്ഭവം.

ഈ ഗ്രോട്ടോയുമായി ബന്ധപ്പെട്ട അത്ഭുതകരമായ ഇടപെടലുകൾക്കും രോഗശാന്തികൾക്കും പേരുകേട്ട ഇടം എന്ന നിലയിൽ താമസിയാതെ ഇതൊരു മരിയൻ തീർത്ഥാടന കേന്ദ്രമായി ഇവിടം മാറുകയായിരുന്നു. 1887, 1888, 1948 എന്നീ വർഷങ്ങളിൽ പരിശുദ്ധ അമ്മയുടെ കൈകൾ ചലിച്ചതായി റിപ്പോർട്ടുകൾ ഉൾപ്പെടുന്നു. കൂടാതെ ഗ്രോട്ടോയുടെ ചുവരുകളിൽ നിരവധി സമ്മാനങ്ങളും പ്രാർത്ഥനാ കുറിപ്പുകളും നമുക്ക് ഇവിടെ കാണുവാനായി സാധിക്കും. തങ്ങൾക്ക് ലഭിച്ച നിരവധിയായ അനുഗ്രഹങ്ങൾക്കുള്ള നന്ദിസൂചകമായി പ്രാർത്ഥനാ അപേക്ഷകളും മറ്റുമാണ് ഇവയെല്ലാം എന്ന് മനസ്സിലാക്കുന്നു.

തീർച്ചയായും ഒരു ചൈതന്യം നിറഞ്ഞുനിൽക്കുന്ന ഇടമായി തന്നെയാണ് ഇവിടെ അനുഭവപ്പെടുന്നത്. ഈ ധന്യ നിമിഷങ്ങൾക്കായി ഞങ്ങളെ തിരഞ്ഞെടുത്തതിന് ആദ്യമായി പരിശുദ്ധ അമ്മയോട് നന്ദി പറയുന്നു. അമ്മയുടെ നീല മേലങ്കി കൊണ്ട് ഞങ്ങളെ പൊതിഞ്ഞു നിർത്തണമേ.

ഇനി മറ്റൊരു പുണ്യ ചരിത്ര ഭൂമിയുടെ വിവരങ്ങളുമായി നിങ്ങളുടെ മുന്നിൽ എത്തുന്നതുവരെ...

തുടരും.....

രാകേഷ് & ലിജോ നിരപ്പുകാലായിൽ

പരിശുദ്ധ അമ്മ, പ്രകാശത്തിന്റെ റാണി.

അമ്മ മാതാവിന്റെ ജീവിതം ഒരു ദൈവീക ദൗത്യമാണ്. അമ്മ പ്രകാശത്തിന്റെ പ്രതീകമാണ്. ഇരുട്ടു വീണ യുവതലമുറയിൽ അമ്മയുടെ ചൈതന്യം പകർത്തി വെളിച്ചം സൃഷ്ടിക്കുന്ന അനുസരണം, എളിമ, ക്ഷമ, സഹനം, വിശുദ്ധി, സമർപ്പണം, വിശ്വാസം എന്നുള്ള മൂല്യങ്ങളിൽ അമ്മയുടെ ജീവിതം നമുക്ക് ഒരു ഉത്തമ ഉദാഹരണം ആണ്. വിശുദ്ധ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളത് പോലെ ദൂതൻ പ്രത്യക്ഷപെട്ട് ദൈവ സന്ദേശം അമ്മയോട് പറഞ്ഞപ്പോൾ 'ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ' എന്ന് നൽകിയ മറുപടി നമുക്കും മാതൃകയാണ്. ജീവിതത്തിൽ നമുക്ക് ഉണ്ടാകുന്ന പ്രശ്നങ്ങളെ അതിജീവിച്ചുകൊണ്ട് ദൈവഹിതം എന്നിൽ നിറവേറട്ടെ എന്ന് പ്രഖ്യാപിച്ചുകൊണ്ട് മുന്നേറാൻ നമുക്കും സാധിക്കണം. ദൈവഹിതം അനുസരണയോടെ പാലിക്കണം. അമ്മയുടെ ഗുണങ്ങൾ ആയ ക്ഷമ, സഹനം നമുക്ക് പിന്തുടരാം. അനുദിനജീവിതത്തിൽ വരുന്ന പ്രശ്നങ്ങളെ ക്ഷമയോടെ അതിജീവിച്ചുകൊണ്ട് എളിമയോടെ ദൈവത്തിനു സാക്ഷികൾ ആകാം. അമ്മയുടെ വിശുദ്ധി നമുക്കും കാത്തു സൂക്ഷിക്കാം. ശാരീരികവും ആത്മീയവുമായ വിശുദ്ധി നമുക്ക് കാത്തുപാലിക്കാം. ഇന്നത്തെ തലമുറയിൽ പരിശുദ്ധ അമ്മയുടെ മൂല്യങ്ങളും സ്വഭാവസവിശേഷതകളും പിൻതുടരാം.



കുമ്പസാരം, കുർബാന തുടങ്ങിയവയെല്ലാം സാധിക്കുന്നിടത്തോളം പങ്കുചേരാം. അങ്ങനെ ക്രിസ്തുവിന് സാക്ഷി കളായി മാറാം. യേശുവിന്റെ പീഡാനുഭവവേളയിൽ ക്ഷമയോടെ സഹനത്തിൽ പങ്കു ചേർന്നു പരിശുദ്ധ അമ്മ നമുക്ക് മാതൃകയാണ്. ജീവിതത്തിലെ പ്രശ്നങ്ങളെ ധൈര്യപൂർവം യാതൊരു ഭയവും കൂടാതെ സഹനപൂർവം നമുക്ക് അതിജീവിക്കണം. അങ്ങനെ ദൈവമഹത്വം പ്രകീർത്തിക്കാൻ നമുക്ക് സാധിക്കണം. പരിശുദ്ധ അമ്മയുടെ സമർപ്പണജീവിതം മാറ്റൊരു ഉദാഹരണം ആണ്. അന്യദേശത്ത് ജോലിചെയ്യുന്നവരും പഠിക്കുന്നവരുമായ നാമോരോരുത്തരും ലഭിക്കുന്ന സമയം കൂദാശകൾക്കായും, സഭയുടെ പ്രവർത്തനങ്ങളിലും പങ്കുചേരാൻ പരിശ്ര മിക്കാം. അങ്ങനെ വരും തലമുറക്ക് പുതിയ സാക്ഷികളായി ഓരോ ആത്മാവിനെയും സ്വർഗത്തിൽ എത്തിക്കാൻ നമുക്ക് സാധിക്കണം. ഇത്രയും തിരക്കേറിയ ജീവിത സാഹചര്യത്തിലൂടെ കടന്നു പോകുന്നവരാണ് നാമോരൊരു ത്തരും. കിട്ടുന്ന സമയം പരമാവധി ഉപയോഗികാം.

നമ്മുടെ ജോലിയിലൂടെ മാതാവിനു സാക്ഷികളാകാം. മറിയം എലിസബേത്തിനെ സന്ദർശിച്ചതു പോലെ രോഗികളെ സന്ദർശിക്കാനും ദൈവാനുഭവങ്ങൾ പങ്കുവെക്കാനും സാധിക്കണം. മാൾട്ട അമ്മ മാതാവിന്റെ രാജ്യമാണ്. ഈ ചെറിയ ദീപിൽ വളരെയധികം പള്ളികൾ മാതാവിന്റെ നാമധേയത്തിൽ അറിയപ്പെടുന്നു. കുറഞ്ഞത് ആഴ്ചയിൽ രണ്ടു വിശുദ്ധ ബലിയിലും നിത്യരാധന കാര്യങ്ങളിലും ജപമാല ചൊല്ലുന്നത്തിനും നമുക്ക് സമയം കണ്ടെത്താം. തിരുസഭക്ക് മാതാവ് നൽകിയ പ്രാർത്ഥനയാണ് ജപമാല. സാത്താനെയും അവന്റെ തന്ത്രങ്ങളെയും തകർത്ത് വിശുദ്ധരായി ജീവിക്കാൻ നമുക്ക് ലഭിച്ച ആയുധവും ആഭരണവുമാണ് ജപമാല. ക്രൈസ്തവ വിശ്വാസത്തിന്

സാക്ഷികളായി നമുക്ക് മാറാം. ഈശോയെ അമ്മ വളർത്തിയത് പോലെ നമ്മുടെ മക്കളെ വളർത്തിയെടുക്കാം.



പരിശുദ്ധ കന്യകമറിയാം ലോകത്തിന്റെ അമ്മയാണ്. സാധാരണ സ്ത്രീയായിരുന്ന അവളെ ദൈവം ഈശോയുടെ അമ്മയായി തിരഞ്ഞെടുത്തു. അങ്ങനെ നമ്മുടെ അമ്മയായി. ജീവിതത്തിലെ സഹനങ്ങളെ സംശയത്തോടുകൂടി നോക്കുന്ന ഈ പുതു തലമുറ പരിശുദ്ധ അമ്മയെ മാതൃകയാക്കണം. യാതൊരു കാര്യത്തിലും സംശയിക്കാത്ത കർത്താവിന്റെ ഇഷ്ടം നിറവേറ്റിയവൾ എന്ന് മറിയത്തിന്റ സ്തോത്രഗീതത്തിൽ പറയുന്നു. ഇതാ സകലതലമുറകളും അവളെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും എന്ന് വിശുദ്ധ ലൂക്ക സുവിശേഷകൻ വിവരിക്കുന്നു.

ശത്രുകളെ പരാജിതരാക്കി വിജയിക്കാൻ നമ്മെ സഹായിക്കുന്നത് മാതാവാണ്. കൂദശാ സ്വീകരണം, സുവിശേഷം പ്രഖ്യാപനം, കാരുണ്യ പ്രവർത്തികളിലൂടെ നമുക്ക് നമ്മുടെ ദൈവീക വിശ്വാസത്തെ ഉറപ്പിക്കാം, വളർത്തിയെടുക്കം. ദിവസം തോറുമുള്ള കുടുംബ പ്രാർത്ഥനയിലൂടെയും സൗമ്യമായ സംഭാഷണങ്ങളിലൂടെയും നമുക്ക് ഈശോയ്ക്കും സ്വർഗ്ഗത്തിനും സാക്ഷികളായി മാറാം. മാതാവിന്റെ ജീവിത മൂല്യങ്ങൾ ഈ ദ്വീപിൽ വളർത്തിയെടുകാം.

ഇന്നത്തെ സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ് ദൈവവിശ്വാസവും സമാധാനവും പരസ്പരസ്നേഹവും ക്രമേണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥ. പണത്തിനും ഭൗതിക നേട്ടങ്ങൾക്കും പിന്നാലെ മാത്രം ഓടുന്ന ഒരു പുതുതലമുറയാണ് വളർന്നുവരുന്നത്. ശാരീരികവും ആത്മീയവുമായ വിശുദ്ധിക്ക് വേണ്ടത്ര പ്രാധാന്യം നൽകാതെ ജീവിക്കുന്ന പ്രവണതയും വർധിച്ചുവരുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗവും ലോകസുഖങ്ങളോടുള്ള അമിതാസക്തിയും മനുഷ്യനെ ദൈവത്തിൽ നിന്ന് അകറ്റിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പരിശുദ്ധ മാതാവിന്റെ മാധ്യസ്ഥത്തിലൂടെ ദൈവവിശ്വാസം കൂടുതൽ ആഴപ്പെടുത്തുകയും
വിശുദ്ധജീവിതം വളർത്തിയെടുക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ലോകസമാധാനത്തിനും കുടുംബങ്ങളുടെ ഐക്യത്തിനും വേണ്ടി ഉപവാസവും മാധ്യസ്ഥ പ്രാർത്ഥനകളും ആത്മാർത്ഥമായി അർപ്പിക്കാം. അനുസരണം, വിനയം, പരസ്പര ബഹുമാനം എന്നീ ക്രൈസ്തവ മൂല്യങ്ങൾ ജീവിതത്തിൽ വളർത്തിയെടുക്കാം. സഭയെയും സഭാപിതാക്കളെയും വിമർശിക്കുന്നതിനു പകരം, അവരുടെ നേതൃത്വത്തെ മാനിക്കുകയും വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്ന ഒരു പുതുതലമുറയെ വാർത്തെടുക്കാൻ ഓരോരുത്തരും പ്രതിജ്ഞാബദ്ധരാകുകയും ചെയ്യാം.

ഹരിത സെബാസ്റ്റ്യൻ
പൗള സോൺ

സ്നേഹിതരെ ഏറെ കഴിവുകൾ ഉള്ളിന്റെ ഉള്ളിൽ ഉറങ്ങി കിടക്കുന്നവരാണ് നമ്മിൽ പലരും. ഒരു
അവസരമില്ലാഞ്ഞിട്ടോ അല്ലെങ്കിൽ സമയക്കുറവുകൊണ്ടോ ഒക്കെ അത് മറ്റുള്ളവരിലേക്ക് എത്തിക്കാൻ നമുക്ക് സാധിക്കുന്നില്ല...

നിങ്ങൾക്ക് ദൈവം തന്ന കഴിവുകളാണ് ' ദി അപ്പോസ്തൽ ' ന് ജീവൻ പകരേണ്ടത്. അത് കഥയോ കവിതയോ ജീവസ്സുറ്റ ലേഖനങ്ങളോ, ചിത്രങ്ങളോ എന്തുമാകട്ടെ.

നിങ്ങളുടെ സർഗ്ഗാത്മക കഴിവുകളുടെ ആവിഷ്കാരങ്ങൾ എല്ലാ മാസവും പതിനഞ്ചാം തിയതിക്കു മുമ്പ് നിങ്ങളുടെ സോണൽ ലീഡറെ ഏൽപ്പിക്കുക.. തെരഞ്ഞെടുക്കപ്പെടുന്നവ നമ്മുടെ ഇടവക ബുള്ളറ്റിനിലൂടെ മറ്റുള്ളവരിലേക്ക് എത്തുന്നതാണ്.....

വെളിപാട്

ഞാൻ അവനെ മോചിപ്പിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യും. ദീർഘായുസ്സ് നൽകി ഞാൻ അവനെ സംതൃപ്തനാക്കും. എന്റെ രക്ഷ ഞാൻ അവനു കാണിച്ചുകൊടുക്കും

നമ്മുടെ കർത്താവായ ദൈവത്തിനു സ്തുതി. പതുക്കെ പറഞ്ഞ് ബൈബിൾ അടച്ചു ടേബിളിലേയ്ക്ക് ച്ച് സാന്ദ്ര വേഗത്തിൽ എഴുന്നേറ്റു. ഇന്നല്പം വൈകി. സാധാരണപോലെത്തന്നെ അഞ്ചുമണിയ്ക്ക് അലാറം വെച്ചിരുന്നെങ്കിലും അത് ഓഫ് ചെയ്ത് വെറുതെ ഒരഞ്ചുമിനിറ്റ് കിടക്കാമെന്നു കരുതിയതാണ്. പക്ഷെ കണ്ണ് തുറന്നപ്പോൾ അഞ്ചേമുക്കാലായി. പിന്നെ ഒരോട്ടപ്പാച്ചിലായിരുന്നു. തലേദിവസം മുതൽ കൂടെയുള്ള തലവേദന ഒന്നുകൂടെ മൂർച്ഛിച്ചു. പെട്ടെന്നൊരു ചുരിദാർ എടുത്തിട്ട് മുടിയൊന്നാകെ വാരിപ്പിടിച്ചൊരു ക്ലിപ്പിട്ട് പുറത്തേയ്ക്കിറങ്ങുമ്പോഴാണ് മൊബൈൽ നോക്കിയിരിക്കുന്ന തന്റെ മോനെ സാന്ദ്ര കാണുന്നത്.

ജോയലേ..... ഒരൊറ്റ അലർച്ചയിൽത്തന്നെ അവൻ ചാടിയെഴുന്നേറ്റു.



ഞാൻ ഒന്നും ചെയ്തില്ല.... വെറുതേ നോക്കിയതാ കള്ളത്തരം ചെയ്തിട്ടും, പാവംപോലെ നിൽക്കുന്നതുകാണുമ്പോൾ ചിരി വന്നു. പക്ഷെ, അതുപുറത്തുകാട്ടാതെ

വേഗം ബാഗെടുക്ക്, നമുക്കിറങ്ങാം.... ഇപ്പോൾത്തന്നെ നേരം വൈകി എന്ന് സാന്ദ്ര പറഞ്ഞു.

വണ്ടിയുടെ ചാവിയും മൊബൈലും ബാഗിലിട്ട്, വീടുപൂട്ടിയത് ശരിയായില്ലേ എന്നുറപ്പുവരുത്തി, രണ്ടുപേരും ഇറങ്ങി.

ടൂവീലർ റോഡിലേക്കിറക്കി, ഗേറ്റടച്ച്, മോനെയും കൊണ്ടൊരു പാറക്കലായിരുന്നു പിന്നീട്.

മിക്കദിവസവും ഇതൊക്കെത്തന്നെയാണ് അവസ്ഥ, സാന്ദ്ര ഓർത്തു. ഭർത്താവ് ഗൾഫിലായതുകൊണ്ട് രണ്ടുകുട്ടികളുടെ കാര്യങ്ങളും വീട്ടുകാര്യങ്ങളും എല്ലാം തനിയെ ചെയ്യണം. തൊട്ടടുത്തുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പബ്ലിക് ഹെൽത്ത് നേഴ്സ് ആണ് സാന്ദ്ര. മൂത്തമകൻ ജോയൽ അഞ്ചിലും, മോൾ മൂന്നാം ക്ലാസ്സിലും പഠിക്കുന്നു. മോളെ നേരത്തെതന്നെ സ്കൂൾ ബസ്സിൽ കയറ്റിവിട്ടിരുന്നു. ജോയൽ ഇന്ന് സ്കൂളിലേക്കല്ല. അവന് ചെറിയ പഠന പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് അവനെ ആഴ്ചയിൽ രണ്ടുദിവസം പ്രത്യേക ക്ലാസ്സിനു കൊണ്ട്ചെന്ന് ആക്കും. പഠന വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന സെന്ററാണത്. അങ്ങനെയുള്ള ദിവസങ്ങളിൽ തിരക്ക് കൂടും. അവനെ കൊണ്ടുവിട്ടതിനുശേഷം വേണം ഡ്യൂട്ടിയ്ക്ക് പോകാൻ.

ഓടി പിടിച്ച് ജോയലിനെ ടീച്ചറുടെ കയ്യിൽ ഏൽപിച്ച് പെട്ടെന്നുതന്നെ തിരിച്ചുപോന്നു. കുറച്ചുദൂരം പിന്നിട്ടപ്പോഴേയ്ക്കും വണ്ടി തനിയെ നിന്നു. വണ്ടി സൈഡൊതുക്കിവയ്ച്ച് പറ്റാവുന്നപോലെയൊക്കെ ശ്രമിച്ചുനോക്കി, ഒരു രക്ഷയുമില്ല. ആലോചിച്ചുനിൽക്കാൻ ഒട്ടും സമയമില്ലാത്തതുകൊണ്ട് വണ്ടി സൈഡിലേക്ക് നന്നായി ഒതുക്കി വെച്ച് തൊട്ടടുത്ത ബസ്സ്റ്റോപ്പ് ലക്ഷ്യമാക്കി ഓടി. ഇന്നൊരു സ്കൂളിൽ കുട്ടികളുടെ എച്ച് ബി സ്ക്രീനിംഗ് ആണ്. ഒന്പതുമണിയ്ക്ക് എത്തണം എന്ന് പറഞ്ഞിരുന്നു. ബസ്റ്റോപ്പിൽ ചെന്നുനിന്ന് ചുറ്റും നോക്കി. അവിടെ ഒരു ചേച്ചി ഇരിക്കുന്നുണ്ട്.

ചേച്ചീ, പുതുക്കാട് ബസ്സ് പോയോ? കിതപ്പടക്കിക്കൊണ്ട് ചേച്ചിയോട് ചോദിച്ചു.
ഇല്ല, കുറച്ചുനേരമായി ഞാനും നോക്കിയിരിക്കുവാ, സാധാരണ വരാറുള്ള സമയം കഴിഞ്ഞു.

ചേച്ചി പറഞ്ഞതുകേട്ട് മനസ്സ് മടുത്തുപോയി. ബസ്സ്റ്റോപ്പിൽ കണ്ട ബെഞ്ചിലേയ്ക്കിരുന്ന് കണ്ണുകൾ അടച്ചു. വെറുതെ ഒരു സങ്കടം വന്ന് മൂടി. എല്ലാദിവസവും രാവിലെ മുതൽ തുടങ്ങും ഓട്ടപ്പാച്ചിൽ. അഞ്ചുമണിയ്ക്ക് തുടങ്ങുന്ന ഓട്ടം അവസാനിയ്ക്കുന്നത് രാത്രി പത്തര പതിനൊന്നുമണിയ്ക്കാണ്. ജോയലിനെ ഇതേപോലെ എക്സ്ട്രാ ക്ലാസിന് വിടുന്ന ദിവസമാണെങ്കിൽ അത് പിന്നെയും വൈകും. ജനിച്ച് ആറുമാസമായ സമയത്ത് ഒരു ഫിക്സ് വന്നതാണ് ജോയലിന്. മൂന്ന് മാസം ഹോസ്പിറ്റലിൽ കിടന്നു അതിനുശേഷം അവന്റെ മൈൽസ്റ്റോൺസ് എല്ലാം താമസം വന്നു നടക്കാന

ും സംസാരിക്കാനും എല്ലാം താമസം. അവനെ കാണിക്കാത്ത ഡോക്ടർമാരില്ല. അവന് മൂന്നുവയസ്സാകുന്നതുവരെ പല പല ഹോസ്പിറ്റലുകളിലായിരുന്നു ജീവിതം. അവൻ സ്കൂളിൽ പോകാൻ തുടങ്ങിയതിനുശേഷമാണ് വീണ്ടും ജോലിക്ക് പോയി തുടങ്ങിയത്. കൂടെ പഠിച്ച എല്ലാവരും രക്ഷപ്പെട്ടു. വിദേശത്ത് പോയും അല്ലാതെയും സന്തോഷമായി ജീവിക്കുന്നു. എനിക്കുമാത്രമാണ് ഇങ്ങനെയൊരു കഷ്ടപ്പാട്. എത്ര നന്നായി പഠിപ്പിച്ചതാണ്?! എന്തെല്ലാം സ്വപ്നങ്ങളായിരുന്നു.?!

എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് എന്നെ നീ ഉപേക്ഷിച്ചു?

എന്ന വചനം പെട്ടെന്ന് മനസ്സിലേയ്ക്ക് വന്നു. ഈയിടെയായി വാട്സാപ്പ് സ്റ്റാറ്റസ് ഈ വചനമാണ്. ദൈവത്തോട് പരാതിമാത്രമേ എല്ലാദിവസവും പറയാനുള്ളൂ. കുറച്ചുകൂടി നല്ലൊരു ജീവിതം തരാമായിരുന്നില്ലേ എന്ന പരാതി. ഓർമ്മവച്ച നാൾമുതൽ കഷ്ടപ്പാടായിരുന്നു. അപ്പൻ നാട്ടിലെ അറിയപ്പെടുന്ന കള്ളുകുടിയൻ ആയിരുന്നു. ഉടുക്കാനും കഴിക്കാനും കുടിക്കാനും ഒന്നുമില്ലാത്ത ഒരു ബാല്യം. ഒരുദിവസംപോലും സമാധാനമായി ഉറങ്ങിയത് ഓർമ്മയിലില്ല. വീടിന്റെ ഓരോ മൂലയിൽ പേടിച്ചുവിറച്ചിരിക്കും. പൂരം, പെരുന്നാൾ ഒക്കെവരുമ്പോൾ, ബാൻഡ് സെറ്റിന്റെയും ചെണ്ടമേളത്തിന്റെയുമൊക്കെ ശബ്ദം കേൾക്കുമ്പോൾ ഇപ്പോഴും ഈപ്രായത്തിലും നെഞ്ചിടിപ്പ് കൂടും, കയ്യും കാലും വിറയ്ക്കും. അങ്ങനെയുള്ള വിശേഷദിവസങ്ങളിൽ എല്ലാ വീട്ടിലും വിരുന്നുകാരും ബഹളവും സന്തോഷവുമൊക്കെയാണെങ്കിലും ഞങ്ങളുടെ വീട്ടിൽ നിലവിളിയും, കരച്ചിലും, തെറിവിളിയും ആയിരിക്കും. ഒച്ചയും വിളിയും. ഹോ, പുറത്തിറങ്ങാൻ നാണക്കേടായിരുന്നു. കള്ളുകുടിയന്റെ മകളെന്ന ലേബൽ എല്ലായിടത്തും പിന്തുടർന്നുവന്നു. ആളുകളുടെ പരിഹാസവും കളിയാക്കലുകളും പേടിച്ച് എവിടെയും പോകാതായി. അതിനിടയിലും നന്നായി പഠിച്ചു. ഒരു ജോലി



കിട്ടി എങ്ങനെയെങ്കിലും വീട്ടിൽനിന്നും രക്ഷപെടണം എന്നായിരുന്നു മനസ്സുനിറയെ. ആഗ്രഹങ്ങൾ ഒന്നും നടന്നില്ല. നഴ്സിംഗ് പഠനം കഴിഞ്ഞസമയത്ത് ഒരു ധ്യാനത്തിനുപോയിരുന്നു. കൗൺസിലിങ് ചെയ്ത ചേച്ചി പറഞ്ഞു: മാതാവ് കൂടെയുണ്ട്; പേടിക്കണ്ട, മോളെ കൈപിടിച്ച് നടത്തും എന്ന്. ഇപ്പോഴത്തെ ഈ ജീവിതം, ഇങ്ങനെ ജീവിക്കുമ്പോൾ, അവര് വെറുതെ സമാധാനിപ്പിക്കാൻ പറഞ്ഞതാണോ എന്നുതോന്നും. കല്യാണംകഴിഞ്ഞപ്പോൾ എല്ലാവരും പറഞ്ഞു, കല്യാണം കഴിഞ്ഞ കഴിഞ്ഞ് ഭർത്താവിന്റെ കാൽച്ചുവട്ടിലാണ് പെൺകുട്ടിയുടെ സ്വർഗ്ഗമെന്ന്! പക്ഷേ, അവിടെയും ഞാൻ തോറ്റു. വിവാഹം കഴിക്കുന്നതുതന്നെ ശാരീരികമായ സന്തോഷത്തിനുവേണ്ടിയാണെന്നും, ഭാര്യയെന്ന പദവിയ്ക്ക് അതിൽക്കൂടുതൽ അർത്ഥമൊന്നുമില്ലെന്നും കരുതുന്ന ഒരു ഭർത്താവും, മരുമകൾ എന്നും വന്നുകയറിയവൾ മാത്രമാണെന്നും, അവർക്ക് കുടുംബത്തിൽ വേറെ സ്ഥാനമൊന്നും കൊടുക്കാൻ പാടില്ലെന്നും വിശ്വസിക്കുന്ന അമ്മായിയപ്പനും അമ്മായിയമ്മയും ആയിരുന്നു എനിക്കുകിട്ടിയത്. ജോയൽ ജനിച്ചതോടെ, തന്റെ തകർച്ച പൂർണമായി. അവന് മൂന്നുവയസ്സായപ്പോഴാണ് ആദ്യമായി അമ്മേ എന്നൊന്ന് വിളിച്ചത്. അവനുവേണ്ടിയാണ് വീണ്ടും ജോലിക്കുപോയിത്തുടങ്ങിയത്. അവനുവേണ്ടി ചെലവാക്കിയ പൈസയ്ക്ക് ആരും കണക്കുപറയരുതെന്ന് എനിക്ക് നിർബന്ധമുണ്ടായിരുന്നു. അവൻ ഹോസ്പിറ്റലിൽ കിടന്ന സമയത്ത് ചിലവാക്കിയ പൈസ ഓർത്തു ചില കണക്കുകൾ കേൾക്കാൻ തുടങ്ങിയപ്പോളാണ് ഒരു ജോലിക്ക് ശ്രമിച്ചത്. അവിടുന്ന് മുതൽ ഇവിടെ വരെ അവന്റെ കാര്യങ്ങൾക്ക് ആരെയും ബുദ്ധിമുട്ടിച്ചിട്ടില്ല. സ്പീച് തെറാപ്പിയും ഒക്കുപ്പേഷണൽ തെറാപ്പിയും എന്നുവേണ്ട അറിയുന്ന എല്ലാ കാര്യങ്ങളും അവനു വേണ്ടി ചെയ്തു. ഇപ്പോൾ അവൻ സാധാരണ കുട്ടികളെപ്പോലെ എല്ലാം ചെയ്യുകയും സംസാരിക്കു



കയും സ്വന്തം കാര്യങ്ങൾ എല്ലാം സ്വയമായി തന്നെ ചെയ്യുകയും ചെയ്യും. പഠിക്കാൻ മാത്രമാണ് പ്രശ്നം എത്ര പഠിച്ചാലും, ആൾക്ക് ഓർമയിൽ നിൽക്കില്ല.
ബസ്സിന്റെ ഹോണടി കേട്ടാണ് കണ്ണ് തുറന്നത് ഓടി ബസ്സിൽ കയറി. സ്കൂളിന് മുന്നിൽ തന്നെയാണ് ബസ് സ്റ്റോപ്പ്. ഗെയ്റ്റിലൂടെ ഓടി അകത്തു കയറി. മുൻപ് ഒരിക്കൽ അഞ്ചാം ക്ലാസ്സിലെ കുട്ടികൾക്ക് കുത്തി വയ്പിന് വന്നിട്ടുള്ളതുകൊണ്ട് സ്ഥലം പരിചയമുണ്ട്.
ഗെയ്റ്റിലൂടെ അകത്തു കയറി പ്രോഗ്രാം നടക്കുന്ന ഹാളിലേക്ക് വേഗത്തിൽ നടക്കുമ്പോഴാണ് എന്തോ വന്നു കാലിൽ ഇടിച്ചത്, പരിഭ്രമിച്ചു താഴേയ്ക്ക് നോക്കിയപ്പോൾ ഒരു കുട്ടിക്കുറുമ്പൻ ആണ്, അവനെ പിടിച്ചു നേരെ നിർത്തി.

നീയെന്നെ അടിച്ചു വീഴ്ത്തിയോടാ കുറുമ്പാ?

എന്ന് സ്നേഹത്തോടെ ചോദിച്ചു. അവൻ തലയുയർത്തി എന്റെ മുഖത്തേയ്ക്ക് നോക്കിയപ്പോൾ ഞാൻ ഞെട്ടിപ്പോയി.
ഡൌൺ സിൻഡ്രോം എന്ന് എന്റെ നഴ്സിംഗ് തലച്ചോറ് എന്നോട് മന്ത്രിച്ചു. അവന്റെ അമ്മ അവന്റെ പുറകെ ഓടി വരുന്നുണ്ടായിരുന്നു. ഒരു വിളറിയ ചിരിയോടെ;

പിടിച്ചിട്ട് നിന്നില്ല ഒന്നും പറ്റിയില്ലല്ലോ? എന്നു എന്നോട് ചോദിച്ചു.

എനിക്ക് ഒന്നും പറ്റിയില്ല.

എന്ന് പറഞ്ഞ് അവരെ നോക്കിയൊന്ന് ചിരിച്ച് ഞാൻ വീണ്ടും നടന്നു. ഇടക്ക് തിരിഞ്ഞു നോക്കിയപ്പോൾ അവന്റെ അമ്മ അവനേയും കൊണ്ട് തൊട്ടടുത്ത കെട്ടിടത്തിലേക്ക് കയറി പോകുന്നത് കണ്ടു. യൂണിഫോം മാറി വന്നപ്പോഴേക്കും കുട്ടികളെ എല്ലാം ടീച്ചർമാർ റെഡിയാക്കി നിർത്തിയിട്ടുണ്ട്. കൂടെയുള്ള സിസ്റ്റർമാർ നേരത്തെ വന്നത് കൊണ്ട് എല്ലാം സെറ്റാക്കി വച്ചീട്ടുണ്ട്. എന്റെ കാര്യങ്ങൾ കുറെയൊക്കെ അറിയുന്നത് കൊണ്ട് അവരൊന്നും അങ്ങനെ പറയില്ല. അത്യാവശ്യം കുട്ടികൾ ഉള്ള സ്ക്കൂൾ ആയത് കൊണ്ട് ഇരുന്നതേ ഓർമയുള്ളൂ. ഉച്ചയായപ്പോഴാണ് ഒന്ന് തലയുയർത്താൻ സാധിച്ചത്. വിശക്കാൻ തുടങ്ങിയിരുന്നു.കുറച്ച് കുട്ടികൾ കൂടി ബാക്കിയുണ്ട്.ഭക്ഷണം കഴിച്ചതിന് ശേഷം ബാക്കിയുള്ളത് ചെയ്യാം എന്ന് തീരുമാനിച്ചു. ഭക്ഷണം കഴിച്ച് കൈകഴുകി തിരിച്ച് വരുമ്പോഴാണ് രാവിലെ കണ്ട കുഞ്ഞി ചെക്കനും, അവന്റെ അമ്മയും നിൽക്കുന്നത് കണ്ടത്. എന്തോ അവരോടൊന്ന് സംസാരിക്കാൻ മനസ്സിൽ ഇരുന്ന് ആരോ പറയുന്നത് പോലെ. നേരെ അവരുടെ അടുത്തേക്ക് നടന്നു.എന്നെ കണ്ടപ്പോൾ അവന്റെ അമ്മ പരിചയഭാവത്തിൽ ഒന്ന് ചിരിച്ചു. തിരിച്ച് ഞാനും.

ഭക്ഷണം കഴിച്ചോ കുറുമ്പാ നീ? ഞാൻ അവനെ കൊഞ്ചിച്ച് ചോദിച്ചു.

കഴിപ്പൊക്കെ കണക്കാ, എപ്പോഴും ഓട്ടം ആണ് പുറകെ ഓടി ഞാൻ മടുത്തു മറുപടി പറഞ്ഞത് അവന്റ അമ്മ ആണ്.

ഇവൻ എത്രാം ക്ലാസ്സിലാ പഠിക്കുന്നത്?
ഞാൻ വീണ്ടും ചോദിച്ചു.


സ്ക്കൂളിൽ പഠിക്കുന്നത് അല്ല. ഇവിടെ ഇവനെപ്പോലെഉള്ള കുട്ടികൾക്ക് ട്രെയിനിങ്ങ് കൊടുക്കുന്ന ആഞഇ യുടെ ഒരു ട്രെയിനിങ്ങ് സെന്റർ ഉണ്ട് അങ്ങോട്ട് കൊണ്ട് വരുന്നതാ,

BRC യുടെ ഒരു ട്രെയിനിങ്ങ് സെന്റർ സ്ക്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്ന കാര്യം എനിക്കും അറിയാം, കുറച്ച് നേരം അവന്റെ അമ്മയോട് സംസാരിച്ചു. എന്റെ യൂണിഫോം കണ്ടത് കൊണ്ടാകും ഞാൻ ഒരു നഴ്സ് ആണെന്ന് അവരൂഹിച്ചിരുന്നു. അത് കൊണ്ട് തന്നെയാകും ഒരു മടിയും ഇല്ലാതെ അവരവരുടെ ജീവിതം എന്നോട് പറഞ്ഞു: എട്ട് വർഷം കുട്ടികൾ ഇല്ലാതെ ചികിത്സിച്ചും, പ്രാർത്ഥിച്ചും ഉണ്ടായതാണ് അവൻ. ജനിച്ച് കുറച്ച് കഴിഞ്ഞപ്പോൾതന്നെ ഡോക്ടർ അവരോട് അവൻ സാധാരണ കുട്ടികളെപ്പോലെ അല്ല എന്ന് അറിയിച്ചു. ഭർത്താവ് ഗൾഫിൽ ആയിരുന്നു. കാര്യമറിഞ്ഞ് അയാൾ ജോലി നിറുത്തി നാട്ടിലേക്ക് തിരിച്ചു പോന്നു. ഉണ്ടായിരുന്ന പത്ത് സെന്റ് സ്ഥലവും, വീടും വിറ്റ് അവനെ ചികിത്സിച്ചു. ഇപ്പോൾ വാടകവീട്ടിൽ ആണ് താമസം, ഭർത്താവ് ഒരു ഓട്ടോ ഓടിക്കുന്നു.

മര്യാദക്ക് ഓട്ടം പോവാനൊന്നും പറ്റില്ല, ഇവനെ കൊണ്ട് ഓരോ സ്ഥലത്തും ചികിത്സക്ക് കൊണ്ടുപോകും, അമ്മേ,

അച്ഛാ എന്നൊന്ന് വിളിക്കുന്നത് കേൾക്കാനുള്ള കൊതി കൊണ്ടാ..... വാടക കൊടുക്കാനും, ഇവന്റെ കാര്യങ്ങൾക്കും ഒന്നും ഓട്ടോ ഓടിയാലൊന്നും തികയില്ല. എന്നാലും ഞങ്ങളെകൊണ്ട് പറ്റുന്നത് പോലെയൊക്കെ ചെയ്യും. ഇവനാണ് ഞങ്ങടെ ആകെയുള്ള സമ്പാദ്യം!

അവർ സാരിത്തലപ്പ് കൊണ്ട് കണ്ണ് തുടിച്ച് പറഞ്ഞു.



എല്ലാം ശരിയാകും, വിഷമിക്കേണ്ട.

എന്നുപറഞ്ഞ് അവരെ ആശ്വസിപ്പിച്ചു. എല്ലാ മാസവും സാലറി കിട്ടുമ്പോൾ ഒരു ചെറിയതുക ദശാംശം കൊടുക്കാറുണ്ട്. അത് അവർക്കുകൊടുക്കാമെന്നുകരുതി, ഫോൺ നമ്പർ ചോദിച്ചുമേടിച്ചു. എനിക്കുപറ്റുന്നതുപോലെ അവരെ സമാധാനിപ്പിച്ചു.

ഗേറ്റിനടുത്ത് ഒരോട്ടോ വന്നുനിന്നപ്പോൾ,

അത് ഇവന്റെ അച്ഛനാ, ഞങ്ങൾ പോട്ടെ. ഇവനെ ബസ്സിൽ കൊണ്ടുപോകാൻ പറ്റില്ല, അതുകൊണ്ട് അച്ഛന്റെ വണ്ടിയിലാ പോക്കും വരവും.

ഞാൻ തലയാട്ടി. അവർ ഓട്ടോയിൽ കയറി മറയുന്നതുവരെ നോക്കിനിന്നു. തിരിച്ചുനടക്കുമ്പോൾ മനസ്സിൽ ഒരു വിങ്ങൽ. എന്തിനെന്നറിയാതെ സങ്കടം വന്നു. അവരുടെ അവസ്ഥയും എന്റെ അവസ്ഥയും താരതമ്യം ചെയ്തു. ഉള്ളിന്റെ ഉള്ളിൽനിന്ന് ഒരുതിരിച്ചറിവ് എന്നെ വന്ന് പെരുതിഞ്ഞു. ദൈവത്തിനുമുന്നിൽ ഞാൻ വയ്ക്കാറുള്ള പരാതികൾ എനിക്കോർമ്മ വന്നു.

എനിക്കെന്താണൊരു കുറവ്? നല്ല ജോലി, സാലറി, ദുശ്ശീലങ്ങളൊന്നുമില്ലാത്ത ഒരു ഭർത്താവ്! എന്റെ അമ്മച്ചി അനുഭവിച്ചതുപോലുള്ള ബുദ്ധിമുട്ടുകളൊന്നും എനിക്കില്ല. പിന്നെ എന്റെ ജോയൽ അവൻ എന്നെ അമ്മേ എന്നുവിളിക്കും. എല്ലാക്കാര്യങ്ങളും സ്വന്തമായി ചെയ്യും. പഠിക്കാൻ മാത്രമേ അവൻ പിന്നിലുള്ളൂ. പിന്നെ, എന്റെ മോള്. മിടുക്കിയാണവൾ എല്ലാക്കാര്യങ്ങളിലും. ഞാനെന്തിനാണ് പരാതിപറഞ്ഞുകൊണ്ടിരിക്കുന്നത്? എന്റെ മുന്നിൽ, ഒരു വീടുപോലുമില്ലാത്ത, ഒരുപാട് കഷ്ടപ്പെടുന്ന ഒത്തിരിപ്പേര് ഉണ്ടായിട്ടും, ഞാൻ അവരെയൊന്നും കണ്ടില്ലല്ലോ എന്റെ ദൈവമേ. എന്നോട് ക്ഷമിക്കണെ. എന്റെ അറിവില്ലായ്മ പൊറുത്തു തരണേ.

എന്ന് മനസ്സിൽ പറഞ്ഞു.

ഇവനാണ് ഞങ്ങളുടെ ആകെയുള്ള സമ്പാദ്യം! എന്ന അവന്റെ അമ്മയുടെ വാക്കുകൾ മനസ്സിൽ മുഴങ്ങിക്കൊണ്ടിരുന്നു.

തിരിച്ച് ക്ലാസ്സ്റൂമിലെത്തിയപ്പോൾ ആദ്യം ചെയ്തത്, ഫോണെടുത്ത് വാട്ട്സാപ്പിൽ ഇട്ടിരുന്ന സ്റ്റാറ്റസ് ഡിലീറ്റ് ചെയ്തു. പകരം എന്ത് സ്റ്റാറ്റസ് ഇടണം എന്ന ചിന്തവന്നപ്പോൾ ഇരുപത്തിമൂന്നാം സങ്കീർത്തനം ഓർമ്മ വന്നു.

കർത്താവാണ് എന്റെ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.

ഉള്ളിലൊരു പുതിവെളിച്ചം നിറയുന്നത് എനിക്ക് മനസ്സിലാകുന്നുണ്ടായിരുന്നു. ഈ പുതിയ വെളിപാടിന് കാരണക്കാരായ ആ അമ്മയെയും മോനെയും മനസ്സിൽ നന്ദിയോടെ ഓർത്തു. ഇനിയൊരിക്കലും എന്റെ ഇല്ലായ്മകളെയോർത്ത് സങ്കടപ്പെടില്ലെന്ന ഉറച്ച തീരുമാനമെടുത്തുകൊണ്ട് മനസ്സിൽ ഞാൻ പറഞ്ഞു.

ദൈവമേ, ഇതുവരെ നീ എനിക്കുചെയ്തുതന്ന എല്ലാ നന്മകൾക്കും നന്ദി.

സബിത തോമസ് ചിറ്റിലപ്പള്ളി



WRITTEN BY:
NITHIN PAUL

PUBLICATION:
SMYM MALTA

ദൈവവചന പ്രഘോഷണത്തിൽ മാത്രം വ്യാപൃതരാകാതെ ജീവിതത്തിൻറെ സത്കർമ്മങ്ങളിലൂടെ വചനത്തിനു ജീവനേകുവാൻ പരിശ്രമിക്കുമ്പോൾ നാം വിശുദ്ധിയുടെ പാതയിലാണ് സഞ്ചരിക്കുന്നതെന്ന് തിരിച്ചറിയുവാൻ കഴിയും.

ക്രിസ്തുവിന്റെ ജീവിത മനോഭാവം നമ്മുടെ ജീവിതത്തിലും പ്രാവർത്തികമാക്കാൻ ശ്രമിക്കുക , അതിന് അനുയോജ്യമായ ജീവിതം നയിക്കുക എന്നത് തന്നെയാണ് ആധുനികലോകത്തിൽ ഓരോ ക്രൈസ്തവനും പാഠമാക്കേണ്ടത് .ക്രിസ്തുവിന്റെ മനോഭാവങ്ങളിലൂടെ കണ്ണോടിയ്ക്കുമ്പോൾ നാം എപ്രകാരമായിരിക്കണം എന്ന് അവിടുന്ന് തന്നെ വ്യക്തമാക്കുന്നു.

ആധുനിക ലോകത്തിൽ ഒരു ക്രൈസ്തവന്റെ മൗലികധർമം



വിശുദ്ധിയുടെ മാനങ്ങളെകുറിച്ച് വൈവിധ്യമാർന്ന വിശദീകരണങ്ങളോടും വ്യത്യാസങ്ങളോടും കൂടിയ നിരവധി സിദ്ധാന്തങ്ങൾ ഉണ്ടാവാം. പ്രയോജനങ്ങളാണെങ്കിലും യേശുവിന്റെ വചനങ്ങളിലേക്ക് തിരിയുകയും സത്യം പഠിപ്പിക്കുന്ന അവിടുത്തെ രീതി മനസ്സിലാക്കുകയും ചെയ്യുന്നതിനേക്കാൾ പ്രകാശം പരത്തുന്ന മറ്റൊന്നുമില്ല. സുവിശേഷഭാഗ്യങ്ങൾ (മത്താ.5:3-12;ലൂക്കാ.6:20-23) നൽകിയപ്പോൾ വിശുദ്ധി എന്നാൽ എന്താണെന്ന് അവിടുന്ന് വളരെ ലളിതമായി പറഞ്ഞു തന്നു. സുവിശേഷഭാഗ്യങ്ങൾ ഒരു ക്രൈസ്തവന്റെ തിരിച്ചറിയൽ രേഖ പോലെയാണ്.അതുകൊണ്ട് "ഒരു നല്ല ക്രൈസ്തവനാകുവാൻ എന്ത് ചെയ്യണം" എന്ന് ആരെങ്കിലും ചോദിച്ചാൽ ഉത്തരം വ്യക്തമാണ്. ഗിരിപ്രഭാഷണത്തിൽ യേശു പറഞ്ഞത് നാം ഓരോരുത്തരും നമ്മുടെ ജീവിതസാഹചര്യങ്ങളിൽ സാക്ഷാത്കരിക്കേണ്ടതുണ്ട്. നമ്മുടെ അനുദിന ജീവിതത്തിൽ പ്രതിഫലിപ്പിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്ന ദിവ്യനാഥന്റെ ഒരു ചിത്രം സുവിശേഷഭാഗ്യങ്ങളില് നാം ദർശിക്കുന്നു."

ഒരു ക്രൈസ്തവൻ വിശുദ്ധിയിൽ ആഴപ്പെട്ടു ജീവിക്കേണ്ട കാലഘട്ടത്തിലൂടെയാണ് നാം ഇന്ന് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്.വിശുദ്ധി എന്നാൽ എന്താണെന്നും സുവിശേഷ ഭാഗ്യങ്ങളാണ് ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അവന്റെ തിരിച്ചറിയൽ രേഖയെന്നും അത്കൊണ്ട് ക്രൈസ്തവനായി ജനിച്ച ഓരോരുത്തരും എങ്ങനെ ജീവിക്കണമെന്നും പരിശുദ്ധ പിതാവ് "ആനന്ദിച്ചാഹ്ലാദിക്കുവിൻ" എന്ന തന്റെ അപ്പോസ്തോലിക പ്രബോധനത്തിന്റെ മൂന്നാം അദ്ധ്യായത്തില് വ്യക്തമാക്കി തരുന്നു. ഈ ലോകത്തിൽ ജീവിക്കുന്ന ഓരോ ക്രൈസ്തവനും വ്യത്യസ്ഥമായി ജീവിക്കേണ്ടവനാണ്.

കാരണം ആഡംബരത്തിന്റെയും,അധികാരത്തിന്റെയും,വിശ്വാസത്തിന്റെയും, നീതിയുടേയും, കാരുണ്യത്തിന്റെയും, ദൈവീകപഠനങ്ങളുടെയും, ആചാരങ്ങളുടെയും, നിയമങ്ങളുടെയും നിലവിലുണ്ടായിരുന്ന മുഖത്തിനു വ്യത്യസ്ഥമായ ഒരു പുതുമുഖം നല്കിയവനാണ് ക്രിസ്തു.

ഇന്ന് നാം പ്രാർത്ഥിക്കുന്നത് പോലെ ക്രിസ്തുവും പ്രാർത്ഥിച്ചു. ക്രിസ്തുവിനും അധികാരമുണ്ടായിരുന്നു. ക്രിസ്തുവും ഉപവി പ്രവർത്തികൾ ചെയ്തു. ക്രിസ്തുവും നിയമം അനുസരിച്ചു. ക്രിസ്തുവും പഠിപ്പിച്ചു. തന്നെ ഭരമേല്പിച്ചിരുന്ന ഉത്തരവാദിത്വങ്ങൾ ക്രിസ്തുവും നിർവ്വഹിച്ചു. മനുഷ്യർ അനുഭവിക്കുന്ന അവഹേളനങ്ങളും, വേദനകളും ക്രിസ്തു കൂടുതലനുഭവിക്കുകയും ചെയ്തു. ക്രിസ്തുവും മരിച്ചു. പാപവും, ഉത്ഥാനവും ഒഴികെ മറ്റെല്ലാ കാര്യങ്ങളിലും നമ്മെ പോലെ ജീവിച്ചു. പക്ഷെ ക്രിസ്തുവിന്റെയും നമ്മുടെയും പ്രവർത്തനങ്ങളിൽ വ്യത്യസ്ഥമായി നിൽക്കുന്നത് ഒന്ന് മാത്രം. "മനോഭാവം" വിശുദ്ധിയെ കുറിച്ചും, നീതിയെ കുറിച്ചും, അധികാരത്തെ കുറിച്ചും നമ്മുടെ മനോഭാവമല്ല ക്രിസ്തുവിന്റേത്.

ലോകം അധികാരത്തെ മറ്റുള്ളവരെ അടിച്ചമർത്തുന്ന ആയുധമായി കാണുമ്പോൾ ക്രിസ്തു അധികാരത്തെ സേവനമായി കണ്ടു. ലോകം സമ്പത്തിനെ ഭാഗ്യമായി കരുതുമ്പോൾ ക്രിസ്തു ആത്മാവിൽ ഒരാൾ അനുഭവിക്കുന്ന ദാരിദ്ര്യത്തെ സമ്പത്തായി കണ്ടു. ലോകം നിയമത്തെ കഠിനമാക്കുമ്പോൾ ക്രിസ്തു നിയമത്തെ കരുണയാക്കി. ലോകം മരണത്തെ അന്ത്യമായി കാണുമ്പോൾ ക്രിസ്തു മരണത്തെ നിത്യജീവനിലേക്കുള്ള വാതിലായി കണ്ടു. ലോകം വിശുദ്ധിയെ നിയമ പാലനത്തിലും, കൃത്യമായ ആചാരാനുഷ്ഠാനങ്ങളിലുമൊതുക്കി നിർത്തുമ്പോൾ ക്രിസ്തു സ്നേഹത്തെ വിശുദ്ധിയുടെ വിളിയായും, ജീവിതമായും കണ്ടു. ഇങ്ങനെ ക്രിസ്തുവിന്റെ മനോഭാവം എപ്പോഴും ലാളിത്യം നിറഞ്ഞതും, നന്മ നിറഞ്ഞതും, അപരന്റെ ജീവിതത്തിനു വില നൽകുന്നതുമായ മനോഭാവമായിരുന്നു

ആധുനികലോകത്തിലെ ഓരോ ക്രൈസ്തവനും വിശുദ്ധിയിൽ വളരുക..ചുറ്റുമുള്ള ഓരോ വ്യക്തിയിലും ദൈവസാനിധ്യം ഉണ്ടെന്ന തിരിച്ചറിവിൽ പെരുമാറുക .ദൈവവചനം മുറുകെ പിടിക്കുക.

അവൻ പകർന്നു തന്ന മൂല്യങ്ങളും അവന്റെ പ്രബോധനങ്ങളും ജീവിതത്തിൽ അനുവർത്തിക്കുക
സുവിശേഷഭാഗ്യങ്ങൾ ജീവിതത്തിലെ ഘടികാരവും
ദൈവകല്പനകൾ ജീവിതശൈലിയും ആക്കി മാറ്റുക.അങ്ങനെ നമ്മുടെ ഓരോ പ്രവർത്തികളെയും
ദൈവീകമാക്കി മാറ്റി ആധുനികലോകത്തിലെ നമ്മുടെ സകല കടമകളും പൂർത്തിയാക്കുക..
നമ്മുടെ ജീവിതത്തിൽ അടിഞ്ഞിരിക്കുന്ന തിന്മകളെ നിർമ്മാർജനം ചെയ്യാൻ
തിരുവചനത്തിനു കഴിയുമെന്നും നാമിപ്പോൾ ജീവിക്കുന്ന ജീവിത രീതിയിൽ നിന്നും നാം ജീവിക്കേണ്ട യഥാർത്ഥ ജീവിത ശൈലിയിലേക്ക്
രൂപാന്തരപ്പെടാൻ
ദൈവവചനം നമ്മെ സഹായിക്കുമെന്നും പാപ്പാ നമ്മെ
പ്രബോധിപ്പിക്കുമ്പോൾ

തിരുവചനം നമ്മുടെ ജീവിതത്തിൽ എത്ര പ്രാധാന്യമർഹിക്കുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം. സുവിശേഷത്തിൽ ക്രിസ്തു പഠിപ്പിക്കുന്ന അഷ്ടസൗഭാഗ്യങ്ങൾ ഓരോന്നും വിശദീകരിച്ചു കൊണ്ട് വിശുദ്ധിയിൽ വളരാനുള്ള മാർഗ്ഗങ്ങളെ പാപ്പാ “ആനന്ദിച്ചാഹ്ലാദിക്കുവിൻ” എന്ന അപ്പോസ്തോലിക പ്രബോധനത്തിന്റെ മൂന്നാം അദ്ധ്യായത്തില് വ്യക്തമാക്കുന്നു. ദൈവവചന പ്രഘോഷണത്തിൽ മാത്രം വ്യാപൃതരാകാതെ ജീവിതത്തിന്റെ സത്കർമ്മങ്ങളിലൂടെ വചനത്തിനു ജീവനേകുവാൻ പരിശ്രമിക്കുമ്പോൾ നാം വിശുദ്ധിയുടെ പാതയിലാണ് സഞ്ചരിക്കുന്നതെന്ന് തിരിച്ചറിയുവാൻ കഴിയും. സ്വർഗ്ഗത്തിലേക്കുള്ള യാത്രയിൽ നമ്മുടെ കൈയിൽ കരുതേണ്ടതാണ് അഷ്ടഭാഗ്യങ്ങൾ. പിതാവായ ദൈവത്തിന്റെ മുന്നിൽ അന്ത്യവിധിക്കായി നിൽക്കുമ്പോൾ നമ്മെ സംരക്ഷിക്കുന്ന ഭാഗ്യങ്ങൾ. ക്രിസ്തു പഠിപ്പിച്ച അഷ്ടസൗഭാഗ്യങ്ങളെ അനുസരിച്ചു ജീവിതത്തിൽ ദൈവം നൽകുന്ന സൗഭാഗ്യങ്ങളെ സ്വന്തമാക്കാൻ നമ്മെയും അവിടുന്ന് ക്ഷണിക്കുന്നു.അതിനായി ദൈവം നമ്മെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു .



സംഗീതവും ക്രൈസ്തവ സഭയും

സംഗീതവും ക്രൈസ്തവ സഭയും തമ്മിലുള്ള ബന്ധം ഏകദേശം 2,000 വർഷത്തിലേറെയായി നിലനിൽക്കുന്നതാണ്. ആരാധന, പ്രാർത്ഥന, സുവിശേഷപ്രഘോഷണം എന്നിവയിൽ സംഗീതത്തിന് സഭ വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. ആദിമ ക്രൈസ്തവർ യഹൂദരുടെ സങ്കീർത്തനഗാന പാരമ്പര്യം പിന്തുടർന്നു. ആരാധനയിൽ പ്രധാനമായും ശബ്ദസംഗീതം മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്. പല സ്ഥലങ്ങളിലും വാദ്യോപകരണങ്ങൾ വിജാതീയ ആരാധനയുമായി ബന്ധപ്പെട്ടിരുന്നതിനാൽ സഭ അവയെ പൊതുവെ ഒഴിവാക്കിയിരുന്നു.

സംഗീതത്തിന്റെ പ്രധാന ലക്ഷ്യം ദൈവത്തെ സ്തുതിക്കുകയും തിരുവചനത്തെ ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുക എന്നതായിരുന്നു. യൂറോപ്പിൽ സംഗീതത്തിന്റെ പ്രധാന രക്ഷാധികാരിയായി സഭ മാറി.
ഗ്രിഗോറിയൻ ചാന്റ് എന്ന ഏകസ്വര ഗാന ശൈലി ആരാധനയുടെ മുഖ്യസംഗീതമായി വളർന്നു. ആശ്രമങ്ങളും ദേവാലയങ്ങളും സംഗീത വിദ്യയും സംഗീതലിപിയും സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്തു. പിന്നീട് ഒന്നിലധികം സ്വരങ്ങൾ ഒരുമിച്ച് ആലപിക്കുന്ന പോളിഫണി വികസിച്ചു. സഭാസംഗീതം കലാപരമായി ഏറെ ഉയർച്ച കൈവരിച്ചു. ജിയോവാന്നി പാലെസ്ട്രിന, ജോസ്കിൻ ദെ പ്രെ, ടോമാസ് ലൂയിസ് ഡി വിക്ടോറിയ തുടങ്ങിയ സംഗീതജ്ഞർ പ്രശസ്തരായി. സഭാസംഗീതത്തിൽ വലിയ മാറ്റങ്ങൾ വരുത്തി. മാർട്ടിൻ ലൂഥർ ജനങ്ങളുടെ സ്വന്തം ഭാഷയിൽ സ്തുതിഗാനങ്ങൾ ആലപിക്കണമെന്ന് പ്രോത്സാഹിപ്പിച്ചു. ഇതിന്റെ ഫലമായി സഭാഗാനങ്ങൾ വ്യാപകമായി രൂപം കൊണ്ടു.



സഭകൾ സംഗീതജ്ഞരുടെ പ്രധാന തൊഴിലുടമകളായിരുന്നു. ഗായകസംഘങ്ങളോടൊപ്പം വാദ്യസംഗീതവും കൂടുതൽ ഉപയോഗിക്കപ്പെട്ടു. യോഹാൻ സെബാസ്റ്റ്യൻ ബാഖ്, ജോർജ് ഫ്രെഡറിക് ഹാൻഡൽ, ആന്റോണിയോ വിവാൾഡി തുടങ്ങിയവർ സഭയ്ക്കായി അനേകം വിശുദ്ധസംഗീത കൃതികൾ രചിച്ചു. സഭയ്ക്ക് പുറത്തുള്ള സംഗീതവേദികളും വളർന്നു. എന്നിരുന്നാലും മൊസാർട്ട്, ബീത്തോവൻ, വെർഡി തുടങ്ങിയ സംഗീതജ്ഞർ വിശുദ്ധ കുർബാനകൾ , റിക്വിയം തുടങ്ങിയ സഭാസംഗീതകൃതികൾ രചിച്ചു. അമേരിക്കയിൽ ആഫ്രിക്കൻ സംഗീതപാരമ്പര്യത്തിന്റെ സ്വാധീനത്തിൽ ഗോസ്പൽ സംഗീതം വളർന്നു. ഇന്ന് സഭകളിൽ വിവിധ സംഗീതശൈലികൾ ഉപയോഗിക്കുന്നു. പരമ്പരാഗത സ്തുതിഗാനങ്ങൾ, ഗോസ്പൽ സംഗീതം, സമകാലീന ക്രൈസ്തവ സംഗീതം, ആരാധനാ ബാൻഡുകൾ, ഗായകസംഘങ്ങൾ എന്നിങ്ങനെ നീളുന്നു. സഭ ലോകസംഗീതത്തിന്റെ വളർച്ചയ്ക്ക് നൽകിയ പ്രധാന സംഭാവനകൾ വളരെ വലുതാണ്.

സീറോമലബാർ സഭയുടെ സംഗീതപാരമ്പര്യം വളരെ പുരാതനമാണ്. ഇത് ഭാരതത്തിലെ ക്രൈസ്തവ പാരമ്പര്യവും പൗരസ്ത്യ സഭകളുടെ ആരാധനാ പാരമ്പര്യവും സംയോജിപ്പിച്ച ഒരു സമ്പന്നമായ സംഗീതസംസ്കാരമാണ്. സീറോമലബാർ

സഭ സ്വന്തം കിഴക്കൻ ആരാധനാപാരമ്പര്യം വീണ്ടെടുക്കാൻ ശ്രമിച്ചു. പഴയ സുറിയാനി ഗാനങ്ങൾ ഗവേഷണം ചെയ്ത് പുനരുജ്ജീവിപ്പിച്ചു. മലയാളത്തിൽ രചിക്കപ്പെട്ട കുർബാനഗാനങ്ങളിൽ കിഴക്കൻ ആത്മീയത നിലനിർത്താൻ ശ്രമിച്ചു. ആരാധനയിൽ ഗാനങ്ങൾ പ്രാർത്ഥനയുടെ ഭാഗമാണെന്ന ബോധ്യത്തിന് കൂടുതൽ പ്രാധാന്യം നൽകി.

സീറോമലബാർ സഭയുടെ സംഗീതം വെറും കലാപ്രകടനമല്ല; വിശ്വാസം, ആരാധന, ആത്മീയത എന്നിവയുടെ ജീവിക്കുന്ന പാരമ്പര്യമാണ്. അതിന്റെ പ്രധാന ലക്ഷ്യം ദൈവമഹത്വവും വിശ്വാസികളുടെ പ്രാർത്ഥനാജീവിതവും വളർത്തുക എന്നതാണ്. സഭയും സംഗീതവും പരസ്പരം ആഴത്തിൽ സ്വാധീനിച്ച രണ്ട് മേഖലകളാണ്. സഭ സംഗീതത്തെ ആരാധനയുടെ അഭിന്നഘടകമാക്കിയപ്പോൾ, സംഗീതം സഭയുടെ ആത്മീയജീവിതത്തെയും സംസ്കാരത്തെയും സമ്പന്നമാക്കി. ഇന്നും ലോകമെമ്പാടുമുള്ള ക്രൈസ്തവ ആരാധനയിൽ സംഗീതം പ്രധാന സ്ഥാനമാണ് വഹിക്കുന്നത്.

എബിൻ കെ ചെരുവിൽ
പിതൃവേദി പ്രസിഡന്റ്

പ്രിയമുള്ളവരെ മാൾട്ട സീറോ മലബാർ കമ്മ്യൂണിറ്റി ദൈവാനുഗ്രഹത്താൽ നിറഞ്ഞ പത്ത് വർഷങ്ങൾ പിന്നിടുകയാണല്ലോ. ഈ അവസരത്തിൽ നമ്മുടെ കമ്മ്യൂണിറ്റിയുടെ പുതിയ സംരംഭമായ ഇടവക ബുള്ളറ്റിൻ 'ദി അപ്പോസ്തൽ' ഏറെ വിനയത്തോടെ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുകയാണ്. ആദ്യ ലക്കം എന്ന നിലയിൽ ഉണ്ടായേക്കാവുന്ന കുറവുകൾ സദയം ക്ഷമിക്കണമെന്നും വരുന്ന ലക്കങ്ങൾ കൂടുതൽ മനോഹരമാക്കാൻ നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

ഏറെ സ്നേഹത്തോടെ
മീഡിയ മിനിസ്ട്രി



St Alphonsa Family Unit - Mosta

1. Hannah Mary Sijo
2. Haya Rose Sijo
3. Binu Ponnachan
4. Delviya Babychan
5. Aaron John Varghese
6. Ayona Clara John
7. Ezekel &Ezelyn
8. Aneesh George
9. Angela Mariam Richo
10. Ayana Mariyam Richo
11. Haizel Christy Joseph
12. Jenita Joby
13. Joslin Joby
14. Aida Mariya Antony
15. Sumi Maxwel
16. Jewel Grace
17. Shency Sunny
18. Godson Mathews Jojy
19. Divona Theressa Jojy
20. Nisha Jojy
21. Deric Baiju
22. Annmariya Dominic
23. Aniksa Jomon
24. Jomon Joy
25. Cheseh Thomas
26. Nirjara Mary Thomas

St. Joseph Family Unit - Msida

1. Athira Jimmy
2. Jimmy. P. Ponnus
3. Ezekiel George Pookkulathel
4. Nancy&Jismon Karikkal
5. Paul Erali
6. Ligi Paul
7. Niya Paul
8. Niyon Paul
9. Thomas Antony Nambyath
10. Nora Mariya Manoj
11. Aiden Manoj
12. Jestin Parakkal Jose
13. Divinsa Grace Dinto
14. Dislin Grace Dinto
15. Jovan Joshy
16. Neethu Rose Jacob
17. Toria Rose
18. Adam Bibin Isaac
19. Kairah Michelle
20. Sera Sebin
21. Steve Sebin
22. Sera Martin
23. Steve Martin
24. Hiya Bibin
25. Angelina Jobin
26. Anna Rose Anoop
27. Alphonse Sebastian
28. Reshma Abraham
29. Vinoy Vadakkedath
30. Juan Joe Antony
31. Joshua Joe Joseph
32. Jerin James
33. Haison Mary
34 Hila Felix
35. Babu
36. Sajan Thomas

St Mary's Family Unit - Paola

1. Sheena Jose
2. Bobina Thomas
3. Joby Luka
4. Nia Nikhil Thomas Marangattil
5. Bindu Mathew
6. Maria Joseph
7. Litty Wilson
8. Ajomon George
9. Mollykutty Joseph
10. Lipsy Inasu
11. Adrian Chethalil Joseph
12. Alex
13. Angel Maria Jomis
14. Christy Asish
15. Jerrymon Roy
16. Ivana Therese Thomas
17. Izin Chacko Thomas
18. Aby Abraham
19. Limin M Mathew
20. Antonio Basil Rijo
21. Jexy John
22. Ebitha Pleain
23. Binoy Palatty
24. Felix Shiju
25. Jerome Anumod
26. Josia Karimpumalil Aby
27. Ardra Austin Theresa
28. Reema Jayard
29. Rojeena Mathew
30. Dijo Dominic
31. Aleena Shajan
32. Aiden Shajan
33. Aison Shajan
34. Syalini Jose
35. Binitha Lijoy
36. Tessa Cherangadan Jose

St Antony Family Unit - Bugibba

1. Vimal Jose
2. Nivy George
3. Jain Joseph
4. Joys Joshin
5. Jay Joshin
6. Hannah Rose John
7. Sana Mariya Binoy
8. Erik Bibin
9. Elain Bibin
10. Ezra Bibin
11. Alpha Thekumala
12. Tonamol Tom Jacob

